# കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
ഇടക്കുളങ്ങര. പി. ഒ., കരുനാഗപ്പള്ളി, കൊല്ലം-690523, കേരളം
ഫോൺ: +91 4762014639, 2014739, ഫാക്സ് : +91476 2622180
email: kply.kfl@kerala.gov.in
CIN:U15331KL1995SGC009521


KFL/KPLY/143/2013(2)

09.01.2018

**ക്വട്ടേഷൻ നോട്ടീസ്**

കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയുടെ പ്ലാന്റിലും സൈലോയുടെ പരിസരത്തും കെട്ടികിടക്കുന്ന ഉദ്ദേശം 2 ടൺ ഉപയോഗശൂന്യമായ അസംസ്കൃത പദാർത്ഥങ്ങൾ ടി സ്ഥലങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ഈ അസംസ്കൃത പദാർത്ഥങ്ങൾ കാലപ്പഴക്കം കൊണ്ടും, വെള്ളം നനഞ്ഞതു മൂലവും പൂപ്പൽ ബാധ ഉണ്ടായി കേടുവന്നിരിക്കുതിനാൽ ഇത് കന്നുകാലികളുൾപ്പെടെ ഒരു ജീവജാലത്തിനും ഭക്ഷണമായി നല്കുവാൻ യോഗ്യമല്ലാത്തതാണ്.

താത്പര്യമുള്ള വ്യക്തികൾ ടൺ ഒന്നിന് നല്കുവാൻ തയ്യാറുള്ള പരമാവധി വില സൂചിപ്പിക്കുന്ന ക്വട്ടേഷനുകൾ 17.01.2018, 2:30PM -ന് മുമ്പായി കമ്പനിയുടെ കരുനാഗപ്പള്ളി ഓഫീസിൽ എത്തിക്കേണ്ടതാണ്. ലഭ്യമായ ക്വട്ടേഷനുകൾ ഹാജരാകുന്ന പ്രതിനിധികളുടെ സാന്നിധ്യത്തിൽ അന്നേ ദിവസം 3:00PM-ന് തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി കമ്പനിയിൽ നിന്ന് അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ഈ അസംസ്കൃത പദാർത്ഥങ്ങളുടെയും യഥാർത്ഥ തൂക്കത്തിന് അനുസരിച്ചുള്ള ക്വട്ടേഷൻ പ്രകാരമുള്ള തുക കമ്പനിയിൽ അടച്ച് ഈ വസ്തുക്കൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നിലവിലുള്ള സ്ഥിതിയിൽ 7 ദിവസത്തിനകം ടി സ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

ഈ അസംസ്കൃത പദാർത്ഥങ്ങളുടെ ക്വട്ടേഷൻ ഉറപ്പുകിട്ടുന്ന വ്യക്തി ഇവ യാതൊരു കാരണവശാലും ഇത് കന്നുകാലികൾക്കോ, മറ്റ് ജീവജാലങ്ങൾക്കോ ഭക്ഷണമായി നല്കുന്നതല്ല എന്ന് രേഖാമൂലം ഉറപ്പ് നല്കേണ്ടതാണ്.

ആവശ്യമുള്ള പക്ഷം ഈ അസംസ്കൃത പദാർത്ഥങ്ങളും 16.01.2018 വൈകുന്നേരം 4:00PM വരെയുള്ള സമയത്ത് കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിന് അവസരം നല്കുന്നതായിരിക്കും

കൂടുതൽ വിവരങ്ങൾക്ക് 0476-2014639 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി

ഡെപ്യൂട്ടി മാനേജർ (മാർക്കറ്റിംഗ്) &
യൂണിറ്റ് ഹെഡ് (കരുനാഗപ്പള്ളി)